**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2310 17.08.2017-ൽ മറുപടിക്ക്

**പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. ഒ.ആർ.കേളു**<br>**ശ്രീ.എസ്. രാജേന്ദ്രൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികഗോത്രവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും ലഭ്യമാക്കുന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ ; | എ) | പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർജ്ജീവാവസ്ഥയിലിരുന്ന വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന നടപടി ത്വരിതപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച 19800 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ ഇനി വിതരണം ചെയ്യാനുള്ളത് വിതരണം ചെയ്യുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്തവനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്ന് തിരിച്ച് വിതരണം ചെയ്യുന്നതിനും സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 01.01.1977 -ന് മുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർ നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചു വരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | വനാവകാശ നിയമപ്രകാരം ഭൂമി പതിച്ചു നൽകുന്ന പദ്ധതി എത്ര പേർക്ക് പ്രയോജനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) | വനാവകാശ നിയമപ്രകാരം 158 പേർക്ക് 756.62 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണം ചെയ്തിട്ടുണ്ട്. |
| സി) | പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗ ക്കാർക്കും ഭൂമി വാങ്ങി നൽകുന്നതിനായി എസ്.സി. എസ്.പി./റ്റി.എസ്.പി. ഉപപദ്ധതികൾ എത്രമാത്രം | | വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് 2016-17 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതിയിൽ 17572.15 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി |

| | | | |
|---|---|---|---|
| | ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | 2225-02-283-90(P) ശീർഷകത്തിൽ നിന്ന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. |
| ഡി) | നിലവിൽ പട്ടികഗോത്ര വർഗ്ഗത്തിലും പട്ടികജാതിയിലുംപ്പെട്ട എത്രപേർ ഭൂമിയില്ലാത്തവരായി ഉണ്ട് എന്നതിന്റെ കണക്ക ലഭ്യമാണോ? | | 2016-17ൽ സംസ്ഥാനത്ത് ഭൂമിയില്ലാത്തവരായ 30698 പട്ടികജാതിക്കാർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.<br>പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂമിയില്ലാത്തവരുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | നെടുമങ്ങാട് | 27 |
| 2 | കൊല്ലം | 47 |
| 3 | പത്തനംതിട്ട | 190 |
| 4 | ആലപ്പുഴ | 290 |
| 5 | കോട്ടയം | 150 |
| 6 | ഇടുക്കി | 117 |
| 7 | എറണാകുളം | 234 |
| 8 | തൃശ്ശൂർ | 48 |
| 9 | പാലക്കാട് | 695 |
| 10 | മലപ്പുറം | 598 |
| 11 | കോഴിക്കോട് | 117 |
| 12 | വയനാട് | 8263 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 554 |
| | ആകെ | 11594 |

സെക്ഷൻ ഓഫീസർ